KSFESA
CITU

# KERALA STATE
# FINANCIAL ENTERPRISES STAFF ASSOCIATION

Reg. No. 180/71, Kottappuram Road, Thrissur - 4, Ph : 0487-2384321
(Affiliated to C.I.T.U. R. No. K. 1128)
E-mail : ksfesacitu@yahoo.co.in
Website : www.ksfesa.com

President
A.K. Balan MLA
Mob : 9846361111

General Secretary
S. Muraleekrishna Pillai
Mob : 9446538432

Ref: No. 007/14

Date: 23-9-2014

ശ്രീ. പി. രാജേന്ദ്രൻ
മാനേജിംഗ് ഡയറക്ടർ
കെ.എസ്.എഫ്.ഇ. ലിമിറ്റഡ്
തൃശൂർ-20

സർ,

വിഷയം: ജീവനക്കാരുടെ സ്ഥലംമാറ്റത്തിൽ അഴിമതിയും കൈക്കൂലിയും-വൈസ് ചെയർമാനുൾപ്പെടെയുള്ള ബോർഡ് അംഗങ്ങൾ നൽകിയ കത്ത്-സത്യസന്ധമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ സ്ഥലംമാറ്റങ്ങൾക്ക് ജീവനക്കാരിൽ നിന്ന് കൈക്കൂലി വാങ്ങുന്നതായി ഗുരുതരമായ ആരോപണം ഉയർന്നുവന്നിരിക്കുകയാണ്. ഈ വിഷയം കാണിച്ചുകൊണ്ട് കെ.എസ്.എഫ്.ഇ. വൈസ് ചെയർമാനും ഏതാനും ബോർഡ് അംഗങ്ങളും ചേർന്ന് താങ്കൾക്ക് കത്ത് നൽകിയത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നു. മാത്രമല്ല, പ്രസ്തുത കത്തിന്റെ പകർപ്പ് ജീവനക്കാർക്കിടയിലും വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. പത്രമാധ്യമങ്ങളിലും പ്രസ്തുത കത്തിന്റെ ഉള്ളടക്കം വാർത്തയായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് അവരിൽ നിന്നും കൈക്കൂലി വാങ്ങുന്നത് ഗുരുതരമായ കുറ്റമാണെന്നു മാത്രമല്ല, ജീവനക്കാരിലേക്ക് അഴിമതി പടർന്നുപിടിക്കാൻ ഇത് സാഹചര്യമൊരുക്കും. സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് ഇടപാടുകാരിൽ നിന്നും കൈക്കൂലി വാങ്ങാത്ത സത്യസന്ധരും, സ്ഥാപനത്തോടും ഇടപാടുകാരോടും കടപ്പാടുള്ളവരുമായ അഴിമതിവിരുദ്ധ പ്രതിച്ഛായയുള്ള ജീവനക്കാരുടെ ആത്മാഭിമാനത്തിന് ഇത് കടുത്ത ക്ഷതം വരുത്തും. ആയതിനാൽ അടിയന്തരമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്ന് സംഘടന ആവശ്യപ്പെടുന്നു. അല്ലാത്തപക്ഷം സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും അന്തസ്സും അഴിമതിവിരുദ്ധ പ്രതിച്ഛായയും സംരക്ഷിക്കുന്നതിന് ശക്തമായ പ്രക്ഷോഭത്തിന് സംഘടന നേതൃത്വം നൽകുമെന്ന് ഇതിനാൽ അറിയിക്കുന്നു.

വിശ്വാസപൂർവ്വം,

എസ്. മുരളീകൃഷ്ണപിള്ള
(ജനറൽ സെക്രട്ടറി)